# കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ഇ(2)6204/2024/എസ്.സി.ഇ.സി

തീയതി : 07.05.2025

## പരിപത്രം നമ്പർ - 02/2025

വിഷയം : സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പ് - വോട്ടർപ്പട്ടിക തയ്യാറാക്കുന്നത് - 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിലെ ചട്ടം 35 എ (4)-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന : ബഹു. കേരള ഹൈക്കോടതി 299/2025 നമ്പർ റിട്ട് അപ്പീലിൽ 12.02.2025-ന് പുറപ്പെടുവിച്ച വിധിന്യായം.

ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച സൂചന വിധിന്യായത്തിൽ സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടിക 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിലെ, ചട്ടം 35 എ (4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട അംഗത്തിന്റെ പ്രവേശന നമ്പർ, അംഗത്തിന്റെ പേര്, പിതാവിന്റെ അല്ലെങ്കിൽ ഭർത്താവിന്റെ പേര്, അംഗത്തിന്റെ മേൽവിലാസം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി ചട്ടം 35 എ (4)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വോട്ടർപ്പട്ടിക തയ്യാറാക്കപ്പെടുന്ന പക്ഷം, അപ്രകാരമുള്ള വോട്ടർപ്പട്ടികയിലെ ക്രമ/നിയമ വിരുദ്ധത ചട്ടാനുസൃതമായി പരിഹരിക്കാതെ ബന്ധപ്പെട്ട സംഘത്തിലെ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കേണ്ടതില്ലെന്നും ബഹു. ഹൈക്കോടതി ടി റിട്ട് അപ്പീലിലെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ വോട്ടർപ്പട്ടിക ടി ചട്ടം 35എ(4) അനുസരിച്ച് കാലാനുസൃതമായി തയ്യാറാക്കി, സംഘം ഭരണസമിതിയുടെ മുറപ്രകാരമുള്ള അംഗീകാരത്തോടെ, തെരഞ്ഞെടുപ്പിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്ക് മുമ്പുള്ള മുപ്പത്തിയഞ്ച് ദിവസസമയപരിധിക്കുള്ളിൽ ഇലക്ടറൽ ആഫീസർക്ക് സമർപ്പിക്കേണ്ടതും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ടറൽ ആഫീസർ ആവശ്യപ്പെടുന്ന എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത് നൽകേണ്ടതും ബന്ധപ്പെട്ട സംഘം മുഖ്യകാര്യദർശിയുടെ നിയമപ്രകാരമുള്ള ചുമതലയാണെന്നുമുള്ള ടി ചട്ടത്തിലെ നിയമ വ്യവസ്ഥകൾ ബഹു. ഹൈക്കോടതി ടി വിധിന്യായത്തിൽ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കുമ്പോൾ, വോട്ടർപ്പട്ടിക 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിലെ, ചട്ടം 35എ(4)-ലെ ടി വ്യവസ്ഥകൾ പ്രകാരം (ബന്ധപ്പെട്ട അംഗത്തിന്റെ പ്രവേശന നമ്പർ, അംഗത്തിന്റെ പേര്, പിതാവിന്റെ അല്ലെങ്കിൽ ഭർത്താവിന്റെ പേര്, അംഗത്തിന്റെ മേൽവിലാസം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച്) തയ്യാറാക്കിയിട്ടുണ്ടെന്ന സാക്ഷ്യപത്രം സംഘം മുഖ്യകാര്യദർശി ഒപ്പ് രേഖപ്പെടുത്തിയും സംഘത്തിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ചും സമർപ്പിക്കേണ്ടതും

ചുമതലപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥനും രജിസ്ട്രാറും അത് പരിശോധിച്ച് മേലൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. വോട്ടർപ്പട്ടിക സംബന്ധിച്ച് മേൽപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ നിരസിക്കുന്നതാണ്. കളവായതോ തെറ്റായതോ ആയ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കാൻ ഇടയായതായി കാണപ്പെടുന്നപക്ഷം, അതിന് കാരണക്കാർ ആയവർക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

കൂടാതെ ചട്ടം 35എ(4) അനുസരിച്ച് വോട്ടർപ്പട്ടിക മേൽപ്രകാരം കാലാനുസൃതമായി തയ്യാറാക്കി, സംഘം ഭരണസമിതിയുടെ മുറപ്രകാരമുള്ള അംഗീകാരത്തോടെ, തെരഞ്ഞെടുപ്പിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്ക് മുമ്പുള്ള മുപ്പത്തിയഞ്ച് ദിവസസമയപരിധിക്കുള്ളിൽ ഇലക്ടറൽ ആഫീസർക്ക് സമർപ്പിക്കേണ്ടതും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ടറൽ ആഫീസർ ആവശ്യപ്പെടുന്ന എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത് നൽകേണ്ടതും ബന്ധപ്പെട്ട സംഘം മുഖ്യകാര്യദർശിയുടെ നിയമപ്രകാരമുള്ള ചുമതലയാണെന്ന നിയമവ്യവസ്ഥയും സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളുടെയും/സംഘം മുഖ്യകാര്യദർശിമാരുടെയും സത്വര ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. ബന്ധപ്പെട്ട ഭരണവകുപ്പിലെ എല്ലാ നിയന്ത്രണാധികാരികളും സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ച് ചട്ടം 35എ(4)-ലെ വ്യവസ്ഥകൾ കർശനമായും നടപ്പിൽ വരുത്തേണ്ടതാണ്.

എസ്. എച്ച്. ജയകേശൻ
സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ, തൈക്കാട് പി.ഒ,
തിരുവനന്തപുരം — 695 014
ഡയറക്ടർ/രജിസ്ട്രാർ, വ്യവസായ വാണിജ്യ വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ക്ഷീര വികസന വകുപ്പ്, പട്ടം, തിരുവനന്തപുരം - 695 004
ഡയറക്ടർ/രജിസ്ട്രാർ, കയർ വികസന വകുപ്പ്, നന്താവനം, തിരുവനന്തപുരം - 695 033
സെക്രട്ടറി/രജിസ്ട്രാർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, വഞ്ചിയൂർ,
തിരുവനന്തപുരം - 695 035.
ഡയറക്ടർ/രജിസ്ട്രാർ, കൈത്തറിയും ടെക്സ്റ്റയിൽസും വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

# <u>സാക്ഷ്യപത്രം</u>

(സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ 07.05.2025-ലെ 02/2025 നമ്പർ
പരിപത്രം പ്രകാരം സമർപ്പിക്കേണ്ടത്)

...........-ാം നമ്പർ ........................................................................... ക്ലിപ്ത ത്തിന്റെ .................................... തീയതിയിൽ നിശ്ചയിച്ചിട്ടുള്ള ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടിക 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിലെ ചട്ടം 35എ(4)-ൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം ബന്ധപ്പെട്ട അംഗത്തിന്റെ പ്രവേശന നമ്പർ, അംഗത്തിന്റെ പേര്, അംഗത്തിന്റെ പിതാവിന്റെ/ഭർത്താവിന്റെ പേര്, അംഗത്തിന്റെ മേൽവിലാസം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ചട്ടാനുസൃതം അപ്ഡേറ്റ് ചെയ്ത് ഇലക്ടറൽ ആഫീസർക്ക് സമർപ്പിക്കുന്നതിനായി സംഘം ആഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സെക്രട്ടറി

........................ക്ലിപ്തം നമ്പർ

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)

പരിശോധന ഉദ്യോഗസ്ഥന്റെയും രജിസ്ട്രാറുടെയും
കുറിപ്പും മേലൊപ്പും ഓഫീസ് മുദ്രയും